**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 724** **24-08-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകൾ കർഷകർക്ക് അനുവദിച്ച പലിശ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | പ്രാഥമിക സഹകരണ ബാങ്കുകൾ വഴി കർഷകർക്ക് നൽകിയ കാർഷിക വായ്പകൾക്ക് [കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി)] ബാങ്കുകൾ നൽകിയ നാല് ശതമാനം പലിശ സബ്സിഡി ബാങ്കുകൾക്ക് സർക്കാർ നൽകാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം വരെ; വിശദമാക്കുമോ; | (എ) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ വഴി കർഷകർക്ക് നൽകിയിട്ടുള്ള ഹ്രസ്വകാല കാർഷിക വായ്പകളിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഉത്തേജന പലിശ സബ്സിഡി, 2011-12 വർഷം മുതൽ 31.03.2021 വരെ സംഘങ്ങൾക്ക് നൽകുവാനുണ്ട്. |
| (ബി) | കുടിശ്ശികയുണ്ടെങ്കിൽ ആയത് ബാങ്കുകൾക്ക് അനുവദിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (ബി) | ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിക്കുന്നതിനായി 2022-2023 സാമ്പത്തിക വർഷം 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ